# കഴുതകളല്ല, കേരള ജനത

**2011 മാർച്ച്**




(കടപ്പാട്ഃ അഹമ്മദാബാദ് മിറർ)

ജനങ്ങളോട് വാഗ്ദാനം ചെയ്യുക, ആ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങളുടെ പിന്തുണയോടെ അധികാരത്തിൽ വരിക, അധികാരത്തിൽ വന്നു കഴിഞ്ഞാൽ ആ വാഗ്ദാനങ്ങളും അവ വിശ്വസിച്ചു തങ്ങൾക്ക് പിന്തുണ നൽകിയ ജനങ്ങളെയും പൂർണമായി വിസ്മരിക്കുക എന്നത് കോൺഗ്രസിന്റെ പരമ്പരാഗത സമീപനമാൺ.

ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. സ്വാതന്ത്ര്യസമരത്തിലേയ്ക്ക് ഇന്ത്യൻ ജനതയെ ഒന്നടങ്കം ആകർഷിച്ച കോൺഗ്രസിന്റെ പ്രഖ്യാപനം അടങ്ങിയ പ്രമേയമായിരുന്നു വിശ്രുതമായ കറാച്ചിപ്രമേയം. സ്വാതന്ത്ര്യം എന്നാൽ ഭൂമിയില്ലാത്തവന് ഭൂമി, വിശക്കുന്നവന് ഭക്ഷണം, വസ്ത്രമില്ലാത്തവന് വസ്ത്രം, അക്ഷരമറിയാത്തവർക്ക് അക്ഷരം, വെള്ളവും വെളിച്ചവുമില്ലാത്തവർക്ക് വെള്ളവും വെളിച്ചവും, സ്വന്തമായി തലയ്ക്കുമേൽ ഒരു മേൽക്കൂരയില്ലാത്ത ഭവനരഹിതർക്ക് സ്വന്തമായ വീട് ഇവയൊക്കെ യാഥാർഥ്യവൽക്കരിക്കുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം എന്ന് കോൺഗ്രസ് പ്രഖ്യാപിച്ചപ്പോൾ ആ ലക്ഷ്യം നേടാൻ ഇന്ത്യയിലെ ഗ്രാമീണരുൾപ്പെടെ ജനലക്ഷങ്ങൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളായി. ഒട്ടേറെ പേർ രക്തസാക്ഷികളായി. പതിനായിരങ്ങൾ ജയിലിലാക്കപ്പെട്ടു. മർദ്ദനവും പീഡനവും ഏറ്റവർക്ക് കണക്കില്ല. ഒടുവിൽ ഇന്ത്യ സ്വതന്ത്രയായി. കോൺഗ്രസ് ആ വാഗ്ദാനങ്ങളെല്ലാം വിസ്മരിച്ച് അധികാരം കയ്യാളിയത് ഇന്ത്യയുടെ അനുഭവമാണ്

ഗരീബി ഹഠാവോ  ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചു; ദാരിദ്ര്യനിർമാർജനമാണ് തന്റെ ലക്ഷ്യമെന്ന്. ജനം ആ മുദ്രാവാക്യത്തിന്റെ പിന്നിലണി നിരന്നു. ഇന്ദിരയ്ക്ക് പാർലമെന്റിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ലഭിച്ചു. ഗരീബി ഹഠാവോയും വിസ്മരിക്കപ്പെട്ടു.

കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൻ മുൻപ് സോണിയ പ്രഖ്യാപിച്ചു; ഇന്ത്യയിലെ പട്ടിണിക്കാരൻ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ തങ്ങളെ അധികാരത്തിലേറ്റണമെന്ന്.  35 കിലോ ഭക്ഷ്യധാന്യങ്ങൾ കിലോയ്ക്ക് മൂന്നുരൂപ വിലയ്ക്ക്  82ശതമാനം ഇന്ത്യൻ കുടുംബങ്ങൾക്ക് നൽകുമെന്ന് സോണിയ പ്രഖ്യാപിച്ചപ്പോൾ പട്ടിണിക്കാർക്കാവേശമായി. ഭക്ഷ്യസുരക്ഷാ നിയമം അധികാരത്തിൽ വന്നാൽ 100 ദിവസത്തിനകം നടപ്പാക്കുമെന്ന് കൂടി പറഞ്ഞപ്പോൾ പട്ടിണിക്കാർ രോമാഞ്ചമണിഞ്ഞു. തിരഞ്ഞെടുപ്പിൽ സോണിയയുടെ പാർട്ടിക്ക് വിജയമുണ്ടായി.  100 ദിവസം എന്നേ കഴിഞ്ഞു. ഇപ്പോൾ വർഷം രണ്ടാകാറായി. ആ വാഗ്ദാനവും ജലരേഖയായി മാറി. ജനം വീണ്ടും കഴുതയാക്കപ്പെട്ടു.

ഇപ്പോൾ ഇതാ കേരളത്തിലെ കോൺഗ്രസ് പാർട്ടി അവരുടെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പഴയ പതിവ് ആവർത്തിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോയ്ക്ക് ഒരു രൂപയ്ക്ക് അരി, മറ്റുള്ളവർക്ക് രണ്ട് രുപയ്ക്ക് ലഭിക്കും. ജനിക്കുന്ന എല്ലാ കുട്ടികൾക്കും ഒരുലക്ഷത്തിന്റെ നിക്ഷേപം സർക്കാർ നൽകും. സ്കൂൾ കുട്ടികൾക്കെല്ലാം സൗജന്യ സൈക്കിൾ... വാഗ്ദാനങ്ങളുടെ പെരുമഴ തന്നെ.

ജനം കഴുതയാണ് എന്ന് കോൺഗ്രസ് ഇന്നും വിശ്വസിക്കുന്നു.

കോൺഗ്രസ് ചെയ്ത വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഇന്ന് ജനം തിരിച്ചറിയുന്നുണ്ട്. കേരളത്തിലെ എൽ ഡി എഫ് ജനങ്ങളോട് ചെയ്ത ഒട്ടുമിക്ക വാഗ്ദാനങ്ങളും നിറവേറ്റിയിട്ടാണ് വീണ്ടും ജനവിശ്വാസത്തിനായി കൈനീട്ടുന്നത്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്, എല്ലാവർക്കും വെളിച്ചം, വെള്ളം, ഭക്ഷണം എല്ലാവർക്കും സാക്ഷരത ഇവയൊക്കെ കേരളത്തിൽ എൽ ഡി എഫ് വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ആ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എൽ ഡി എഫ് ജനങ്ങളോട് പിന്തുണ അഭ്യർഥിക്കുന്നത്; ഈ നേട്ടങ്ങളൊക്കെ പൂർത്തീകരിക്കാനും പുതിയ നേട്ടങ്ങളിലേയ്ക്ക് കേരളത്തെ കൈപ്പിടിച്ചു മുന്നേറുവാനും വേണ്ടി.

പ്രബുദ്ധരായ കേരള ജനത കോൺഗ്രസിന്റെ തട്ടിപ്പ് തിരിച്ചറിയുമെന്നും ആ തട്ടിപ്പ് രാഷ്ട്രീയം നിരാകരിക്കുമെന്നും ന്യായമായി പ്രതീക്ഷിക്കാനവകാശമുണ്ട്.